"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം – കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് – അധിക ചുമതല നൽകിയത് – സാധൂകരണം നൽകി ഉത്തരവ് – പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്–ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 3281/2026/ധന** **തീയതി, തിരുവനന്തപുരം 23/03/2026**

പരാമർശം :–
1. കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് ഡയറക്ടറുടെ 04/06/2025–ലെ കെ.എസ്.ഐ.ഡി/394/2025–HQ E3(1) നമ്പർ നടപടിക്രമം.
2. കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് ഡയറക്ടറുടെ 30/01/2026 –ലെ കെ.എസ്.ഐ.ഡി/167/2026–HQ E3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിലെ പത്തനംതിട്ട ജില്ലാ ഇൻഷുറൻസ് ഓഫീസറായിരുന്ന ശ്രീ. അനിൽ.ജി.നായർ 31.05.2025 ന് സർവ്വീസിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് പ്രസ്തുത കാര്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് പത്തനംതിട്ട ജില്ലാ ഇൻഷുറൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല 06.06.2025 മുതൽ 05.10.2025 വരെ (122 ദിവസം) താത്കാലികമായി കൈകാര്യം ചെയ്യുവാൻ ആലപ്പുഴ ജില്ലാ ഇൻഷുറൻസ് ഓഫീസറായ ശ്രീമതി. സിനി. എൽ–ന്, പത്തനംതിട്ട ജില്ലാ ഇൻഷുറൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഈ നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പത്തനംതിട്ട ജില്ലാ ഇൻഷുറൻസ് ഓഫീസറായിരുന്ന ശ്രീ. അനിൽ.ജി.നായർ 31.05.2025 ന് സർവ്വീസിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് ആലപ്പുഴ ജില്ലാ ഇൻഷുറൻസ് ഓഫീസറായ ശ്രീമതി. സിനി.എൽ–ന് 06.06.2025 മുതൽ 05.10.2025 വരെ (122 ദിവസം) പത്തനംതിട്ട ജില്ലാ ഇൻഷുറൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല നൽകിയ ഇൻഷുറൻസ് വകുപ്പ് ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള , തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(ഇ : 3413827/എസ്റ്റാ-ഡി4/22/2026–ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ